● ലേഖനം

● ശൈഖ് അബ്ദുർറഹ്മാൻ അബ്ദുൽ ഖാലിഖ്

# മുസ്‌ലിംകളുടെ രാഷ്ട്രീയ പ്രവേശം ചില തെറ്റിദ്ധാരണകൾ

**രാഷ്ട്രീയപ്രവർത്തനം മതപരവും പ്രബോധനപരവുമായ കാര്യങ്ങളിൽനിന്ന് ശ്രദ്ധ തിരിക്കുമെന്ന് ചിലർ ധരിക്കുന്നു. ഈ ധാരണ ശരിയല്ല. രാഷ്ട്രീയ പ്രവർത്തനവും മത പരമായ ധർമമാണ്.**

ഇതുവരെ വിവരിച്ചതിൽ നിന്ന് വ്യക്തമാകുന്നതിതാണ്: മതത്തിനും രാഷ്ട്രീയത്തിനുമിടക്ക് വേർതിരിവ് കൽപിക്കൽ ഇസ്‌ലാമിന് അന്യമാണ്. ചർച്ചിനെ ജീവിതത്തിൽ നിന്ന് മാറ്റിനിർത്താനായി ഉദയം ചെയ്ത പാശ്ചാത്യവീക്ഷണമാണത്. എന്നാൽ ഇസ്‌ലാമിൽ പള്ളി ആരാധനക്കും, കൂടിയാലോചനക്കും, മുസ്‌ലിം സമൂഹത്തിന് ദിശാബോധം നൽകാനും, പടയൊരുക്കം നടത്താനും, നിവേദകസംഘങ്ങളെ സ്വീകരിക്കാനും യുദ്ധപ്രഖ്യാപനം നടത്താനും മറ്റുമുള്ള കേന്ദ്രമാണ്. ഇസ്‌ലാമിലെ ഭരണാധികാരി (ഖലീഫഃ) മുസ്‌ലിം സമൂഹത്തിന്റെ നായകനും, നേതാവും, നമസ്കാരത്തിന് നേതൃത്വം കൊടുക്കുന്നയാളും, അല്ലാഹു പവിത്രമാക്കിയവയെ കാത്തുസൂക്ഷിക്കുന്നവനും, ശിക്ഷകൾ നടപ്പിലാക്കുന്നവനും സൈന്യാധിപനും, അഭിപ്രായാന്തരങ്ങളിലും മറ്റു പ്രശ്നങ്ങളിലും ജനങ്ങളുടെ അവലംബവുമാണ്; അല്ലാഹുവിന്റെ കല്പനകൾ നടപ്പിലാക്കുന്നവനാണ്. ഖലീഫമാർക്കു മുമ്പ് പ്രവാചകൻ(സ)യുടെ ദൗത്യവും ഇതൊക്കെ തന്നെയായിരുന്നു.

'രാഷ്ട്രീയത്തിൽ നിങ്ങൾക്കെന്തുകാര്യം, ദീനിൽ രാഷ്ട്രീയമില്ല, രാഷ്ട്രീയത്തിൽ മതമിടപെടാൻ പാടില്ല' തുടങ്ങിയ വാദഗതികൾ ഉന്നയിച്ച് മതത്തെയും രാഷ്ട്രീയത്തെയും വേർതിരിക്കുക ഇസ്‌ലാമിന്റെ എതിരാളികളുടെ പ്രധാനലക്ഷ്യമാണ്. ചിലപ്പോൾ, അല്ലാഹുവിലേക്ക് ആളുകളെ ക്ഷണിക്കുന്നത് ഐഹികലക്ഷ്യങ്ങൾ മുൻനിർത്തിയും രാഷ്ട്രീയ നേട്ടങ്ങൾ ആർജിച്ചെടുക്കാനുമാണെന്ന് ഇസ്‌ലാമിക പ്രബോധകരെ കുറിച്ച് ആരോപണമുന്നയിക്കുന്നു. ഭൂമിയിൽ അല്ലാഹുവിന്റെ വചനം സമുന്നതമാക്കുക, മുസ്‌ലിംകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഇടപെടുക തുടങ്ങിയ സംഗതികളിൽ നിന്ന് ശ്രദ്ധ തിരിച്ചുവിടുകയാണ് ഇതിലൂടെയെല്ലാം അവർ ഉദ്ദേശിക്കുന്നത്. സാമൂഹിക രാഷ്ട്രീയാന്തരീക്ഷങ്ങൾ അല്ലാഹുവിന്റെ ശത്രുക്കൾക്ക് മാത്രം സ്വന്തമായി ലഭ്യമാക്കുക. അതുവഴി അവർ ആഗ്രഹിക്കും പ്രകാരം ഭൂമിയിൽ കുഴപ്പങ്ങൾ അഴിച്ചുവിടുക, അവർക്കിഷ്ടപ്പെട്ട നിയമവ്യവസ്ഥകൾക്കനുസരിച്ച് മുസ്‌ലിംകളെ ഭരിക്കുക, അല്ലാഹുവിന്റെ വചനത്തെ താഴ്ത്തിക്കെട്ടുക, സത്യനിഷേധത്തിന്റെയും മിഥ്യയുടെയും ശിർക്കിന്റെയും വചനങ്ങൾക്ക് മേൽക്കൈ നേടിക്കൊടുക്കുക, ഇസ്‌ലാമിക പ്രബോധകരെ മുസ്‌ലിംസമൂദായത്തിന് അന്തസ്സും ഇസ്‌ലാമിന് ആദരണീയതയും നേടിക്കൊടുക്കാനും, നാഥന്റെ സന്ദേശം ലോകജനതക്കെത്തിച്ചുകൊടുക്കാനും, ജനങ്ങളെ സ്രഷ്ടാവിന്റെ കല്പനക്കും തീരുമാനത്തിനും വിധേയമാക്കാനുമുള്ള പ്രവർത്തനങ്ങളിൽ നിന്ന് തടയുക തുടങ്ങി ബഹുമുഖ ലക്ഷ്യങ്ങളാണ് ഇതിനു പിന്നിൽ അവർക്കുള്ളത്.

എന്നാൽ ഖേദകരമെന്ന് പറയട്ടെ, അത്തരം അനിസ്‌ലാമിക ശക്തികളുടെ പ്രചാരണങ്ങൾ കേട്ട് വഞ്ചിതരായ ഇസ്‌ലാമികപ്രബോധകർ ശരീഅത്തിന്റെ അടിസ്ഥാനത്തിലുള്ള രാഷ്ട്രീയത്തിൽ നിന്ന് അകലം പാലി

ക്കലാണ് തങ്ങളുടെ ഹൃദയങ്ങൾക്കും ദീനിനും സുരക്ഷിതമെന്നും, രാഷ്ട്രീയപ്രവർത്തനം പ്രബോധനപ്രവർത്തനങ്ങളിൽനിന്ന് ശ്രദ്ധതിരിച്ചുവിടുമെന്നും ധരിച്ചുവശായിരിക്കുന്നു .

യഥാർത്ഥത്തിൽ അല്ലാഹുവിന്റെ ദീനിന്റെ വിവിധ വശങ്ങളെ ജനസമക്ഷം അവതരിപ്പിക്കലാവണം ഇസ്ലാമികരാഷ്ട്രീയപ്രവർത്തനം. അങ്ങനെയല്ലായെങ്കിൽ അത് അനിസ്ലാമികരാഷ്ട്രീയമാവും. അതിനാൽ ഇസ്ലാമികരാഷ്ട്രീയം പ്രബോധത്തിൽ നിന്ന് ശ്രദ്ധതിരിച്ചുവിടുന്ന ഒന്നല്ല, മറിച്ച് അത് സ്വയം തന്നെ പ്രബോധനമാണ്. നാനാവിധത്തിലുള്ള രാഷ്ട്രീയപ്രവർത്തനം കൊണ്ടല്ലാതെ ഇസ്ലാമിന്റെ ലക്ഷ്യങ്ങൾ സഫലമാവുകയില്ല. ഇസ്ലാം എന്നാൽ സുവിശേഷമറിയിക്കലും മുന്നറിയിപ്പുനൽകലും മാത്രമല്ല. അത് മതവും, ഭരണവും, നേതൃത്വവും, സമൂഹവും, വിധിതീർപ്പാക്കലുമൊക്കെയാണ്. അല്ലാഹുവിന്റെ വചനം എല്ലാറ്റിനെയും അതിജയിക്കണം. ഇസ്ലാമിന്റെ പതാക എല്ലാറ്റിന്റെയും മുകളിൽ പാറിപ്പറക്കണം. ക്രമപ്രവൃദ്ധമായി ഉയരങ്ങളിലേക്ക് കുതിക്കുന്ന രാഷ്ട്രീയപ്രവർത്തനം കൊണ്ടല്ലാതെ ഇതൊന്നും സാധ്യമാവുകയില്ല. രചനയും, ഇസ്ലാമിക ഗ്രന്ഥാലയത്തിൽ പുസ്തകങ്ങളുടെ എണ്ണം വർധിപ്പിക്കലും ഏതെങ്കിലും പള്ളി മൂലയിൽ ഒതുങ്ങിയിരുന്ന് ആരാധനകളിൽ മുഴുകലും മാത്രമാണ് പ്രബോധനം എന്നാണ് അവരുടെ ധാരണ. അങ്ങനെ മുസ്ലിംകളുടെ സമ്പത്തിനും നൈപുണികൾക്കും മേൽ ആധിപത്യം നേടുന്ന തസ്കരൻമാർക്കും പെരുംനുണയൻമാർക്കും സ്വഛന്ദം വിഹരിക്കാവുന്ന അവസ്ഥ സംജാതമായിരിക്കുന്നു. ഇസ്ലാമിക നാടുകളിലെ രാഷ്ട്രീയരംഗം സൈന്യവും, നേതൃമോഹികളും, ദുഷ്ടശക്തികളും മുസ്ലിംകളുടെ ശത്രുക്കളും ചേർന്ന് കൊള്ളയടിച്ചിരിക്കുകയാണ്. അവരാണ് കാര്യങ്ങൾ നിയന്ത്രിക്കുന്നത്. അങ്ങനെ ഭൂമിയിലുടനീളം നാശങ്ങളും കുഴപ്പങ്ങളും അഴിച്ചുവിടുന്നു. അല്ലാഹുവിന്റെ ഭൂമിയെയും ദൈവദാസൻമാരെയും അവർ തങ്ങളുടെ വരുതിയിലാക്കിയിരിക്കുന്നു. അവർ ആളുകളെ മാനഭംഗപ്പെടുത്തുന്നു, ധനാപഹരണം നടത്തുന്നു. ജനജീവിതത്തിൽ നിന്നു ഇസ്ലാമിനെ മുറിച്ചുമാറ്റുന്നു. അല്ലാഹുവിന്റെ നിയമവ്യവസ്ഥക്ക് പകരം സത്യനിഷേധത്തിലധിഷ്ഠിതമായ വ്യവസ്ഥകൾ കൊണ്ടുവരുന്നു. ഇസ്ലാമിക പ്രബോധകർ വ്യാമോഹങ്ങളിൽ വ്യാപൃതരായിരിക്കുകയാണ്. നിർബന്ധകർത്തവ്യങ്ങൾ നിർവഹിക്കാതെ ഐഛികവൃത്തികളിൽ മുഴുകിയിരിക്കുകയാണ്. ദീനിനും ജീവിതത്തിനുമിടയിൽ, ദീനിനും ഭരണത്തിനുമിടയിൽ, ദീനിനും നീതിക്കുമിടയിൽ, ദീനിനും ഭൂമിയിൽ അല്ലാഹുവിന്റെ വചനം സർവോന്നതമാക്കുന്നതിനുമിടയിൽ , ദീനിനും ജിഹാദിനുമിടയിൽ അവർ വേർതിരിവ് സൃഷ്ടിച്ചിരിക്കുന്നു. അതുമുഖേന അവർ സത്യനിഷേധികളുടെ കൺകുളിർപ്പിക്കുന്നു. ഇസ്ലാമിന്റെ ശത്രുക്കളുടെ പദ്ധതികൾ അവർ നടപ്പിലാക്കുന്നു. ജനങ്ങളുടെ നായകത്വം അക്രമികൾക്കും കുഴപ്പക്കാർക്കും വിട്ടുകൊടുക്കുന്നു. ഇതൊരു വൻപാപമല്ലേ?



**ഇസ്ലാമിക നാടുകളിലെ രാഷ്ട്രീയരംഗം സൈന്യവും, നേതൃമോഹികളും, ദുഷ്ടശക്തികളും മുസ്ലിംകളുടെ ശത്രുക്കളും ചേർന്ന് കൊള്ളയടിച്ചിരിക്കുകയാണ്. അവരാണ് കാര്യങ്ങൾ നിയന്ത്രിക്കുന്നത്. അങ്ങനെ ഭൂമിയിലുടനീളം നാശങ്ങളും കുഴപ്പങ്ങളും അഴിച്ചുവിടുന്നു. അല്ലാഹുവിന്റെ ഭൂമിയെയും ദൈവദാസൻമാരെയും അവർ തങ്ങളുടെ വരുതിയിലാക്കിയിരിക്കുന്നു. അവർ ആളുകളെ മാനഭംഗപ്പെടുത്തുന്നു, ധനാപഹരണം നടത്തുന്നു. ജനജീവിതത്തിൽ നിന്നു ഇസ്ലാമിനെ മുറിച്ചുമാറ്റുന്നു. അല്ലാഹുവിന്റെ നിയമവ്യവസ്ഥക്ക് പകരം സത്യനിഷേധത്തിലധിഷ്ഠിതമായ വ്യവസ്ഥകൾ കൊണ്ടുവരുന്നു.**

രാഷ്ട്രീയ പ്രവർത്തനം മതപരവും പ്രബോധനപരവുമായ കാര്യങ്ങളിൽ നിന്ന് ശ്രദ്ധ തെറ്റിക്കുമെന്ന വിചാരത്താൽ അതിൽ നിന്ന് വിട്ടുനിൽക്കുന്ന ആത്മാർഥതയുള്ള പ്രബോധകരെ നമുക്ക് കാണാം. ഏതാനും ചില അബദ്ധധാരണകളുടെയും സംശയങ്ങളുടെയും അടിസ്ഥാനത്തിലാണത്. അവയിൽ സുപ്രധാനമായവക്ക് മറുപടി പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു:

**ഒന്ന്.** 'ഒരു പ്രബോധകൻ രാഷ്ട്രീയ ഗോദയിൽ ഇറങ്ങിക്കഴിഞ്ഞാൽ ഇസ്ലാമിക നിയമങ്ങൾക്ക് വിരുദ്ധമായി ചിലതെല്ലാം അവൻ ചെയ്യേണ്ടിവരും. എതിരാളികളുമായുള്ള സമ്പർക്കം, ധിക്കാരികളുമായുള്ള പങ്കാളിത്തം തുടങ്ങി ഇസ്ലാമിക നിയമങ്ങൾക്ക് വിരുദ്ധമായ തെറ്റുകൾ ചെയ്യേണ്ടിവരു'മെന്ന ന്യായം പറഞ്ഞ് രാഷ്ടീയരംഗത്ത് നിന്നും വിട്ടുനിൽക്കുന്ന നിരവധി പ്രബോധകരുണ്ട്. ഇസ്ലാമിക രാഷ്ട്രീയ പ്രവർത്തനത്തെ സംബന്ധിച്ച തെറ്റായ കാഴ്ചപ്പാടിന്റെ ഫലമാണിത്. ഇസ്ലാമിൽ രാഷ്ട്രീയമെന്നത് അല്ലാഹുവിലേക്ക് ആളുകളെ ക്ഷണിക്കുക, നന്മ കൽപിക്കുക, തിന്മ വിരോധിക്കുക, ഭൂമിയിൽ അല്ലാഹുവിന്റെ വചനം സർവോന്നതമാക്കുക, നാവും പേനയുമുപയോഗിച്ച് അവിശ്വാസികളോട് ജിഹാദ് നടത്തുക, അസത്യത്തിന്റെ വക്താക്കളെ ജനങ്ങളുടെ

പിരടിയിൽ ആധിപത്യം നേടുന്നതിൽ നിന്നും മുസ്‌ലിം സമൂഹത്തിന്റെ നായകത്വത്തിൽ നിന്നും തടയുക തുടങ്ങിയവയെല്ലാം ഉൾക്കൊള്ളുന്ന ഒരു സാകല്യമാണ്. ഇവയെല്ലാം ഇസ്‌ലാമിൽ നിയമാനുസൃതമായ കാര്യങ്ങളാണ്; എന്നല്ല വളരെ പവിത്രമായ ലക്ഷ്യങ്ങളാണ്. സത്യവും നൈതികതയും മുറുകെ പിടിക്കുക, ദീനിന്റെ കാര്യത്തിൽ യാതൊരു വീഴ്ചയും വരുത്താതിരിക്കുക തുടങ്ങിയ ഇസ്‌ലാമിക രാഷ്ട്രീയ പ്രവർത്തനത്തിന്റെ അടിസ്ഥാന തത്വങ്ങൾ നാം മുമ്പ് വിവരിച്ചിട്ടുണ്ട്.

നിർബന്ധ കാര്യങ്ങളിലും അനിവാര്യമായ അനുവദനീയ കാര്യങ്ങളിലും ജനങ്ങളുമായി ഇടപഴകേണ്ടത് ആവശ്യമാണ്. ജനങ്ങളുമായി ഇടപഴകുകയും അവരുടെ ദ്രോഹങ്ങൾ സഹിക്കുകയും ചെയ്യുന്ന മുസ്‌ലിമാണ് ജനങ്ങളുമായി ഇടപഴകാതിരിക്കുകയും അവരുടെ ദ്രോഹങ്ങൾ സഹിക്കാതിരിക്കുകയും ചെയ്യുന്ന മുസ്‌ലിമിനേക്കാൾ ശ്രേഷ്ഠൻ. ഇനി, ഈ കൂടിച്ചേരലുകളും പ്രബോധനത്തിന്റെ ചില നൂതന ശൈലികളും മാർഗങ്ങളുമെല്ലാം ഇസ്‌ലാമിക നിയമങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങളിൽ നിന്ന് മുക്തമല്ല എന്ന് തർക്കത്തിന് വേണ്ടി സമ്മതിച്ചാൽ തന്നെ, ഇൻശാ അല്ലാഹ്, അവയെല്ലാം പൊറുക്കപ്പെടാവുന്നവയാണ്. കാരണം നാം ജീവിക്കുന്നതു പോലുള്ള സമൂഹത്തിൽ നിരുപാധികം നന്മ കടഞ്ഞെടുക്കുക പ്രയാസകരമാണ്. അതിൽ ഇസ്‌ലാമിക വിരുദ്ധ ലോകം നിർബന്ധിക്കുന്ന ഏതെങ്കിലും നിഷിദ്ധ കർമം ചെയ്യാതെ കച്ചവടത്തിലോ കൃഷിയിലോ വ്യവസായത്തിലോ തൊഴിലിലോ ഏർപ്പെടാൻ ഒരു വിശ്വാസിക്ക് സാധിക്കുകയില്ല. അതേസമയം, നാം ജീവിക്കുന്ന ഇത്തരം സമൂഹത്തിൽ ഉദ്ദേശ്യപൂർവം നിഷിദ്ധങ്ങൾ പ്രവർത്തിക്കാതിരിക്കാൻ ഒരോ വിശ്വാസിയും ബാധ്യസ്ഥനാണ്. പലിശയിടപാട് നടത്തുക, ചൂതാട്ടത്തിലേർപ്പെടുക, വഞ്ചിക്കുക, കൈക്കൂലി വാങ്ങുക പോലുള്ളവയിലൊന്നും അവന്റെ കരങ്ങളുണ്ടാവാൻ പാടില്ല. എന്നാൽ അവന് കച്ചവടം ചെയ്യാം. അന്നേരം അവൻ ചുങ്കവും നികുതിയും കൊടുക്കുകയും പലിശ ബാങ്കുമായി ഇടപാട് നടത്തുകയും ചെയ്യേണ്ടി വരും. വിദ്യ അഭ്യസിക്കുമ്പോൾ അനിസ്‌ലാമികമായ പഠനങ്ങൾനടത്തേണ്ടി വരും. ആൺ-പെൺ സമ്മിശ്രമായ യൂണിവേഴ്‌സിറ്റികളിൽ പഠിക്കേണ്ടി വരും. മുസ്‌ലിംകളുമായി ബന്ധപ്പെട്ട കർത്തവ്യങ്ങൾ അവന് ഏറ്റെടുക്കാം. അപ്പോൾ അനിവാര്യമായ ചില തിൻമകൾ ചെയ്യേണ്ടി വരും. അതിൽ നിന്ന് രക്ഷപ്പെടുക പ്രയാസമാണ്. ഇതുപോലുള്ളവ അല്ലാഹു ഉദ്ദേശിച്ചാൽ തീർച്ചയായും പൊറുക്കപ്പെടും. കാരണം ഇത്തരം പരിതസ്ഥിതികളിൽ നന്മ മാത്രം കടഞ്ഞെടുക്കുക അസാധ്യമാണ്. സംഘടന, പാർട്ടി, ഗവൺമെന്റ് ഉദ്യോഗം മുതലായ പ്രബോധനത്തിന്റെ ചില ആധുനിക രീതികളും മാർഗങ്ങളും അനുവർത്തിക്കുക വഴി ചില നിഷിദ്ധങ്ങൾ ചെയ്യേണ്ടി വരുമെന്ന് വാദത്തിന് വേണ്ടി സങ്കൽപിച്ചാൽ തന്നെ, ഈ നിഷിദ്ധങ്ങളുടെ പേരിൽ പ്രസ്തുത മാർഗങ്ങൾ നാം വർജിക്കേണ്ടതുണ്ടോ? അതിനെ തുടർന്ന് നാശം ഗുരുതരാവസ്ഥ പ്രാപിക്കുകയും, ശിർക്ക് മഹോന്നതമാവുകയും, മുസ്‌ലിംകളുടെ കാര്യങ്ങളും സ്ഥാപനങ്ങളും പാർടികളും ഉദ്യോഗങ്ങളും തൊഴിലുകളും ദീനിന്റെ ശത്രുക്കൾ പിടിച്ചടക്കുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാകുമെങ്കിൽ വിശേഷിച്ചും.

ശരീഅത്തിന്റെ അടിസ്ഥാനപ്രമാണങ്ങളിലേക്കും പ്രവാചകത്വത്തിന്റെയും ഖിലാഫതുർറാശിദയുടെയും രാഷ്ട്രീയത്തിലേക്കും നാം തിരിച്ചുപോയാൽ ചെറിയ തിൻമകൾ കൊണ്ട് വലിയ തിന്മകളെ പ്രതിരോധിക്കൽ നിർബന്ധമാണെന്ന് കണ്ടെത്താൻ കഴിയും. രണ്ട് തിൻമകളിൽ ഏറ്റവും ലഘുവായത് ചെയ്യൽ എന്ന ഗണത്തിലാണ് ഇത് പെടുക.

**രണ്ട്:** രാഷ്ട്രീയപ്രവർത്തനം പ്രബോധനരംഗത്ത് നിന്ന് ശ്രദ്ധതെറ്റിക്കും.

രാഷ്ട്രീയ പ്രവർത്തനം പ്രബോധനരംഗത്തുനിന്ന് ശ്രദ്ധ തെറ്റിക്കുമെന്ന വാദവും അബദ്ധമാണ്. കാരണം ഇസ്‌ലാമിക രാഷ്ട്രീയ പ്രവർത്തനം നിർബന്ധമായും അല്ലാഹുവിലേക്കുള്ള പ്രബോധനമാവേണ്ടതുണ്ട്. ഇല്ലായെങ്കിൽ അതൊരിക്കലും ശർഇയായ രാഷ്ട്രീയമാവില്ല. മറിച്ച് അത് ഭൂമിയിൽ നാശമുണ്ടാക്കലും, അഹങ്കരിക്കലും, ദീനിനെ ചൂഷണം ചെയ്യലും, ഒരക്രമത്തെ മാറ്റി മറ്റൊരക്രമത്തേയും ഒരു ജാഹിലിയ്യത്തിനെ മാറ്റി മറ്റൊരു ജാഹിയിയ്യത്തിനെയും പകരം കൊണ്ടുവരലുമാണ്. അതിനാൽ ഇസ്‌ലാമിക രാഷ്ട്രീയ പ്രവർത്തനം സ്വയം തന്നെ അല്ലാഹുവിലേക്കുള്ള പ്രബോധനമാവേണ്ടത് അനിവാര്യമാണ്. ആളുകളെ സംഘടിപ്പിക്കുന്നത് ദീനിന്റെ അടിസ്ഥാനത്തിലായിരിക്കണം. അത് അല്ലാഹുവിന്റെ വചനം സർവോന്നതമാക്കുന്നതിനാവണം.

ഇസ്‌ലാമിക രാഷ്ട്രീയം രൂപത്തിലും ഉള്ളടക്കത്തിലും മ്ലേഛമായ ഭൗതിക അനിസ്‌ലാമിക രാഷ്ട്രീയത്തിൽ നിന്ന് തികച്ചും ഭിന്നമാണ്. ഇസ്‌ലാമിക രാഷ്ട്രീയം സംശുദ്ധവും പാവനവുമാണ്. ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും പുരോഗതി, മാനവ കുലത്തെ അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് നയിക്കാൻ ലോകനാഥന്റെ സന്ദേശ പ്രചാരണം തുടങ്ങിയവയാണ് അതിന്റെ താല്പര്യം. ദീനിന്റെ അടിസ്ഥാനത്തിലുള്ള ഭംഗിവാക്കുകൾക്ക് അതിൽ സ്ഥാനമില്ല. അനുയായികളുടെ എണ്ണം കൂട്ടാൻ വേണ്ടി ഏതൊരാളെയും അതിൽ അണിചേർക്കുക എന്ന നിലപാടും അതിനില്ല. ഇസ്‌ലാമിക പ്രമാണങ്ങളിലൂന്നിയ രാഷ്ട്രീയം ഇതൊന്നുമല്ല. ഇസ്‌ലാമിക സമൂഹത്തെ സത്യസരണിയിൽ ഏകോപിപ്പിക്കുകയും അതിന് ശിക്ഷണം നൽകുകയും ചെയ്യുക എന്നതാണത്. ഇസ്‌ലാമിക രാഷ്ട്രീയം അല്ലാഹുവിന്റെ വചനം ഉന്നതമാക്കലാണ്. അത് മുസ്‌ലിംകളെ കൂട്ടിച്ചേർത്ത്, അനിസ്‌ലാമിക പാർട്ടിക്ക് പകരം ഇസ്‌ലാമികമെന്ന് വാദിക്കുകയും അതിനോട് കൂറ് പുലർത്താതിരിക്കുകയും ചെയ്യുന്ന പാർട്ടിയെ പകരം കൊണ്ടുവരലല്ല.

ഇസ്‌ലാമിക രാഷ്ട്രീയ പ്രവർത്തനത്തെ കുറിച്ച ഈയൊരു പരിപ്രേക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ നാം

പറയുന്നു: അതൊരിക്കലും ദഅ്‌വത്തിൽ നിന്ന് നമ്മുടെ ശ്രദ്ധ തിരിച്ചുവിടുന്ന ഒന്നല്ല; മറിച്ച് അത് സ്വയം തന്നെ ദഅ്‌വത്തും ജിഹാദുമാണ്. ഒരു മുസ്‌ലിം രാഷ്ട്രീയക്കാരൻ പ്രബോധകനും, പരിശീലകനും, പ്രഭാഷകനും, പോരാളിയും, ജനകീയ പ്രശ്നങ്ങളിൽ ഇടപെടുന്ന നേതാവും, പാവങ്ങളുടെയും ദരിദ്രരുടെയും ആവശ്യക്കാരുടെ അഭയകേന്ദ്രവും അത്താണിയും, ദീനിന്റെ പ്രതിരോധ ഭടനും, ഇസ്‌ലാമികാദർശത്തെയും മുസ്‌ലികളുടെ പവിത്രതകളേയും സംരക്ഷിക്കുന്നവനും, അവരെ കൂട്ടിയിണക്കുന്നവനും, അവരുടെ നന്മക്ക് വേണ്ടി ഉറക്കമൊഴിക്കുന്നവനുമൊക്കെയാണ്. ഇതാണ് നാമുദ്ദേശിക്കുന്ന ഇസ്‌ലാമിക രാഷ്ട്രീയം. മുസ്‌ലിംകളുടെ ആദരണീയതകളെയും രാഷ്ട്രങ്ങളെയും പവിത്രവസ്തുക്കളെയും പ്രതിരോധിക്കുക, അവരുടെ സൈന്യത്തിന് നേതൃത്വം കൊടുക്കുക, രാഷ്ട്രത്തിനകത്തും പുറത്തുമുള്ള അല്ലാഹുവിന്റെ ശത്രുക്കളോട് പോരാടുക തുടങ്ങിയവയൊക്കെയാണ് യഥാർഥ പ്രബോധനവും ജിഹാദും. ഗ്രന്ഥരചന നടത്തുകയും വിജ്ഞാനം പകർന്നു നൽകുകയും ചെയ്യുക എന്നതിൽ പരിമിതമാണ് നമ്മുടെ പ്രവർത്തനങ്ങളെങ്കിൽ അത് ദഅ്‌വത്തിന്റെയും ജിഹാദിന്റെയും ഒരു ഭാഗം മാത്രമേ ആവുന്നുള്ളൂ. അതേസമയം, അതല്ല പ്രവാചകന്റെ ജിഹാദ്. അതല്ല സഹാബികളുടെയും പൂർവഗാമികളുടെയും കർമരീതി. സമാധാനാന്തരീക്ഷം നിലനിൽക്കുകയും ഇസ്‌ലാമിന് പ്രതാപമുണ്ടാവുകയും ഇസ്‌ലാമിക ഭരണം വിശാലമാവുകയും ചെയ്യുമ്പോൾ ഇത്തരം വൈജ്ഞാനിക പോരാട്ടം കൊണ്ട് മതിയാക്കാവുന്നതാണ്. എന്നാൽ തിന്മയും നശീകരണപ്രവർത്തനങ്ങളും അരങ്ങുതകർക്കുകയും, ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും നാടുകളെ ശത്രുക്കൾ അതിജയിക്കുകയും, ഖിലാഫത്ത് നിലംപതിക്കുകയും, ഇസ്‌ലാം അക്രമിക്കപ്പെടുകയും, മുസ്‌ലിംകൾ മാനഭംഗപ്പെടുത്തപ്പെടുകയും ചെയ്യുമ്പോൾ ഒരിക്കലും വൈജ്ഞാനിക പോരാട്ടങ്ങളിൽ നമ്മുടെ പ്രവർത്തനങ്ങൾ പരിമിതപ്പെടുത്താവതല്ല. ഇത്തരം പരിതസ്ഥിതികളിൽ അതിൽ മാത്രം മുഴുകുന്നത് കുറ്റകരമായ വീഴ്ചാണ്. അവശർക്കും അടിച്ചമർത്തപ്പെട്ടവർക്കും മറ്റു മാർഗങ്ങൾ മുന്നിലില്ലാത്തവർക്കും മാത്രമേ ഇക്കാര്യത്തിൽ അല്ലാഹു ഒഴികഴിവ് നൽകുകയുള്ളൂ. ഇതിൽ പെടാത്തവർക്ക് യാതൊരു വിടുതലുമില്ല. കാരണം, സ്വർഗം പകരം നൽകാമെന്ന് പറഞ്ഞുകൊണ്ട് വിശ്വാസികളുടെ ശരീരവും ധനവും അല്ലാഹു വാങ്ങിയിരിക്കുകയാണ്. മുഴുവൻ വിശ്വാസികളോടുമുള്ള അല്ലാഹുവിന്റെ ബൈഅത്താണിത്; വിശ്വാസികളിലെ ഏതെങ്കിലും വിഭാഗത്തോട് പ്രത്യേകമായുള്ളതല്ല. അല്ലാഹുവിനോട് ചെയ്ത ഉടമ്പടി പാലിക്കുന്നവന് തീർച്ചയായും സ്വർഗമുണ്ട്. അത് ലംഘിച്ചാൽ അവൻ അല്ലാഹുവിന്റെ കോപത്തിനും ശിക്ഷക്കും വിധേയനാവുകയും ചെയ്യും. തീർച്ചയായും വൈജ്ഞാനിക ജിഹാദ് ഉണ്ടാകണം; ആരംഭമെന്ന നിലക്കും മണ്ണൊരുക്കുന്നതിനും അമാനത്ത് ഏറ്റെടുക്കുകയും അധർമത്തോട് പടപൊരുതുകയും ചെയ്യാൻ പ്രാപ്തിയുള്ള ആളുകളെ വാർത്തെടുക്കാനും വേണ്ടി മാത്രം. ഗ്രന്ഥ രചന നടത്തലും പാരമ്പര്യങ്ങളെ ശുദ്ധീകരിക്കലും ഇസ്‌ലാമിക ഗ്രന്ഥാലയങ്ങളെ സംസ്കരിച്ചെടുക്കലുമാണ് ജിഹാദും ദഅ്‌വത്തും എന്നാണ് വാദമെങ്കിൽ അതും തീർത്തും തെറ്റാണ്; ഓരോ വിശ്വാസിയും അല്ലാഹുവിന്റെ മാർഗത്തിൽ രംഗത്തിറങ്ങുകയും, ഇസ്‌ലാമിക സമൂഹം ഒന്നടങ്കം ജിഹാദിന്റെ നാനാവശങ്ങളിൽ പ്രാവീണ്യം നേടുകയും ചെയ്യേണ്ട ആധുനിക കാലത്ത് വിശേഷിച്ചും.

വിശുദ്ധ ഖുർആനും പ്രബലമെന്ന് പണ്ഡിതസമൂഹം വിലയിരുത്തിയ ഹദീസുകളും അനുസരിച്ച് നാം പ്രവർത്തിക്കുകയാണെങ്കിൽ, നമുക്ക് സൻമാർഗദർശനത്തിനും അല്ലാഹുവിന്റെ നിയമമനുസരിച്ച് നിലകൊള്ളാനും അവ തന്നെ ധാരാളമാണ്. വിശ്വാസകാര്യങ്ങൾ, ഖുർആൻ വ്യാഖ്യാനം, കർമശാസ്ത്രം, നിദാനശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ നിരവധി മികച്ച രചനകൾ നമ്മുടെ മുമ്പിലുണ്ട്. നാം അവ ഗ്രഹിക്കുകയും അവയിലുള്ളത് പ്രാവർത്തികമാക്കുകയും തലമുറകളെ തദനുസാരം വളർത്തുകയും, പിന്നീട് വ്യത്യസ്ത കാലഘട്ടങ്ങളിൽ നാം അഭിമുഖീകരിക്കേണ്ടി വരുന്ന പുതിയ പ്രശ്നങ്ങളും സംഭവങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഖുർആനിൽ നിന്നും ഹദീസിൽ നിന്നും വിധികൾ നിർധാരണം ചെയ്തെടുക്കുകയുമാണെങ്കിൽ പ്രസ്തുത ഗ്രന്ഥങ്ങൾ തന്നെ നമുക്ക് മതി. ഇപ്രകാരം പ്രവർത്തിക്കുകയാണെങ്കിൽ തീർച്ചയായും നാം ഏറ്റവും മികച്ച സന്മാർഗചാരികളും പോരാളികളുമായിത്തീരും.

ഇന്ന് നമുക്കാവശ്യമായ വൈജ്ഞാനിക പ്രയത്നങ്ങൾ മെച്ചപ്പെടുത്തലുകളും പൂർത്തീകരണങ്ങളും എന്ന ഗണത്തിൽ പെടുന്നവയാണ്; നിർബന്ധവും അടിസ്ഥാനപരവുമായ കാര്യങ്ങൾ എന്ന ഗണത്തിൽ പെടുന്നവയല്ല. ഖുർആനും ഹദീസുകളും നന്നായി ഗ്രഹിക്കാൻ കഴിയുന്ന വൈജ്ഞാനിക ബൗദ്ധിക ശക്തിയും, മുസ്‌ലിംകൾ ഇന്ന് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളെയും പ്രതിബന്ധങ്ങളെയും കുറിച്ച ഉൾക്കാഴ്ചയും, ദൈവിക ദീനിന്റെ അധ്യാപനങ്ങൾക്കനുസൃതമായി മുസ്‌ലിം സമൂഹത്തെ കെട്ടിപ്പടുക്കാനുള്ള പോരാട്ടവും മാത്രമാണ് ഇന്ന് നമുക്ക് ആവശ്യമുള്ളത്.

ഇന്നത്തെ ജിഹാദിന്റെ രീതി ഈ മഹത്തായ പാരമ്പര്യത്തിന്റെ അടിത്തറയിൽ മുസ്‌ലിം സമൂഹത്തെ സംഘടിപ്പിക്കുകയും അവർക്ക് ശിക്ഷണം നൽകുകയും ചെയ്യുക എന്നതാവണം. ജിഹാദ് എന്നാൽ, സമ്പന്നമായ ഇസ്‌ലാമിന്റെ ഗ്രന്ഥാലയത്തിലേക്ക് പുതിയ പുസ്തകങ്ങൾ കൂട്ടിച്ചേർക്കൽ മാത്രമാണെന്നും, ദൈവിക ദീനിനെ സഹായിക്കാനും അതിന്റെ സന്ദേശമുയർത്തിപ്പിടിക്കാനും അതുമാത്രമേ വഴിയുള്ളൂ എന്നും വരാവതല്ല. മറിച്ച് ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നും മാർഗദർശനം സ്വീകരിക്കുകയും, 'നാം ഉദ്ദേശിച്ചുവെങ്കിൽ ഓരോ നാട്ടിലും ഓരോ മുന്നറിയിപ്പുകാരനെ നിയോഗിക്കുമായിരുന്നു. അതിനാൽ പ്രവാചകരേ, സത്യനിഷേധികൾക്ക് ഒട്ടും

വഴങ്ങിപ്പോകരുത്. ഈ ഖുർആൻ കൊണ്ട് അവരോട് മഹാ സമരത്തിലേർപ്പെടുക' (അൽഫുർഖാൻ 51,52) എന്ന് അല്ലാഹു പറഞ്ഞതുപോലെ അത് ഉപയോഗിച്ച് സത്യനിഷേധികളോട് പോരാടുകയുമാണ് യഥാർഥ ജിഹാദ്.

ഖുർആനും സുന്നത്തും കൊണ്ടുള്ള ജിഹാദ് ഉണ്ടാവുന്നത്, അവയുടെ നിർദ്ദേശങ്ങളനുസരിച്ചുള്ള ഇസ്‌ലാമിക തലമുറയെ വാർത്തെടുക്കുകയും, അവരെ നിലനിൽക്കുന്ന സത്യത്തിന്റെ ബദ്ധവൈരികളോട് ഏറ്റുമുട്ടാൻ വിടുകയും, അങ്ങനെ മുസ്‌ലിംകൾക്ക് വിജയവും ആധിപത്യവും പരിപൂർണമായി ലഭിക്കുകയും ചെയ്യുമ്പോൾ മാത്രമാണ്. സ്ഥാപനങ്ങൾക്ക് കീഴിലും സംഘടനകളിലൂടെയും കൂട്ടായ്മകളിലൂടെയും അല്ലാതെ ഇത്തരം തലമുറയെ സൃഷ്ടിച്ചെടുക്കുക അസാധ്യമാണ്. നിലനിൽക്കുന്ന സ്ഥാപനങ്ങളിലൂടെയും പരസ്പരം സഹായിച്ചും തോളോടുതോൾചേർന്നും മാത്രമേ ശക്തമായ സ്വാധീനം ചെലുത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ കഴിയൂ. ദീനിനെ സഹായിക്കാനും അല്ലാഹുവിന്റെ സന്ദേശം ഉയർത്തിപ്പിടിക്കാനും മുസ്‌ലിംകളുടെ ദൗർബല്യങ്ങൾ ഇല്ലായ്മ ചെയ്ത് അവരെ ശക്തിപ്പെടുത്താനും പിന്നാക്കാവാസ്ഥയിൽ നിന്ന് മുന്നാക്കാവസ്ഥയിലേക്കെത്തിക്കാനുമൊക്കെയുള്ള പരസ്പര സഹായ സഹകരണങ്ങളാണ്

**രാഷ്ട്രീയ പ്രവർത്തനം പ്രബോധനരംഗത്തുനിന്ന് ശ്രദ്ധ തെറ്റിക്കുമെന്ന വാദം അബദ്ധമാണ്. കാരണം ഇസ്‌ലാമിക രാഷ്ട്രീയ പ്രവർത്തനം നിർബന്ധമായും അല്ലാഹുവിലേക്കുള്ള പ്രബോധനമാവേണ്ടതുണ്ട്. ഇല്ലായെങ്കിൽ അതൊരിക്കലും ശർഇയായ രാഷ്ട്രീയമാവില്ല. മറിച്ച് അത് ഭൂമിയിൽ നാശമുണ്ടാക്കലും അഹങ്കരിക്കലും ദീനിനെ ചൂഷണം ചെയ്യലും, ഒരക്രമത്തെ മാറ്റി മറ്റൊരക്രമത്തേയും ഒരു ജാഹിലിയ്യത്തിനെ മാറ്റി മറ്റൊരു ജാഹിയിയ്യത്തിനെയും പകരം കൊണ്ടുവരലുമാണ്. അതിനാൽ ഇസ്‌ലാമിക രാഷ്ട്രീയ പ്രവർത്തനം സ്വയം തന്നെ അല്ലാഹുവിലേക്കുള്ള പ്രബോധനമാവേണ്ടത് അനിവാര്യമാണ്.**



രാഷ്ട്രീയപ്രവർത്തനം എന്നത് കൊണ്ട് നാം ഉദ്ദേശിക്കുന്നത്. അത് തന്നെയാണ് ഇന്നത്തെ യഥാർഥ ദഅ്‌വത്തും.

ഇസ്‌ലാമിക സമൂഹത്തിന്റെ ജീവിതം ഖുർആന്നും സുന്നത്തിനും അനുരോധമായി വീണ്ടെടുക്കേണ്ടതുണ്ട്. ദീനുമായുള്ള ബന്ധം വിഛേദിക്കുകയും ദൈവിക സന്ദേശത്തോട് സമരം നടത്തുകയും അധിനിവേശ ശക്തികളുടെ പദ്ധതിക്കനുസരിച്ച് നീങ്ങുകയും ചെയ്യുന്ന വർത്തമാന ലോകത്തെ രാഷ്ട്രങ്ങളും ഭരണകൂടങ്ങളും ഇസ്‌ലാമിന്റെ സന്തതികളെ സത്യനിഷേധത്തിന്റെ ആദർശമനുസരിച്ച് വളർത്തുകയും അവർക്കിടയിൽ ദീനുമായി ബന്ധം വിഛേദിക്കാനും ഒഴുക്കിനൊത്ത് നീങ്ങാനുമുള്ള പ്രവണത പ്രചരിപ്പിക്കുകയും ഗൗരവപ്പെട്ട സംഗതികളിൽ നിന്ന് ശ്രദ്ധ തെറ്റിച്ച് നിസ്സാരമായ കാര്യങ്ങളിൽ അവരെ വ്യാപൃതരാക്കുകയും ചെയ്യുന്നു. അതിനാൽ യഥാർഥ മുസ്‌ലിം ഉമ്മത്തിനെ പുനർനിർമ്മിക്കാൻ മുസ്‌ലിംകൾ തങ്ങളുടെ പ്രത്യേക സ്ഥാപനങ്ങളിലൂടെയും മറ്റും സ്വന്തത്തോട് തന്നെ ജിഹാദ് നടത്തേണ്ടതുണ്ട്. ഇസ്‌ലാമിക സമൂഹത്തിന്റെ കഴിവുകൾ ഇന്ന് ഇസ്‌ലാമിക ആദർശത്തെയും പാരമ്പര്യത്തെയും സംസ്കാരത്തെയും അതിലെ സ്ത്രീ പുരുഷൻമാരെയും തകർക്കാൻ വേണ്ടി ശത്രുക്കൾ ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. ആ അവസ്ഥ മാറ്റിക്കൊണ്ട്, മുസ്‌ലിം സമൂഹത്തിന്റെ ശേഷികൾ അതിന്റെ യഥാർഥ സന്തതികളെയും, ദീനിനെയും, ആദർശത്തെയും, പാരമ്പര്യത്തെയും സേവിക്കാനായി വിനിയോഗിക്കാനും നാം നമ്മോട് തന്നെ പൊരുതേണ്ടതുണ്ട്. സമൂഹത്തിന്റെ ദിശ തിരിച്ചുവിടാനും ജീവിതത്തിന്റെ പങ്കായം ദീനിന്റെ കരങ്ങളിൽ ഏൽപിക്കാനും ഇസ്‌ലാമിക പ്രബോധകർ ഈ സമാധാന പോരാട്ടത്തിൽ പങ്കാളിത്തം വഹിക്കൽ നിർബന്ധമാണ്. ഏത് ചുരവും കയറിയും എല്ലാ മാർഗങ്ങളും ഉപയോഗിച്ചും ഈ രാഷ്ട്രീയ പോരാട്ടത്തിൽ മുഴുകണം. അത് പള്ളി മിമ്പറുകളിലൂടെയും ഇസ്‌ലാമിക ഗ്രന്ഥങ്ങളിലൂടെയും മാത്രമായാൽ പറ്റില്ല. മറിച്ച്, പത്രം, റേഡിയോ, ടെലിവിഷൻ, യൂണിവേഴ്സിറ്റി, ഗവൺമെന്റ് ഉദ്യോഗം, രാഷ്ട്രീയ പാർട്ടി, ദീനീ സംഘങ്ങൾ, സ്കൂളുകൾ, ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങിയ എല്ലാ മാർഗങ്ങളും ഇതിനായി നാം ഉപയോഗപ്പെടുത്തണം. സ്റ്റഡി ക്ലാസുകൾ, പ്രഭാഷണങ്ങൾ, കവിത, കഥ, ലേഖനം തുടങ്ങി വാചികമായ എല്ലാ രീതികളും ഈ പോരാട്ടത്തിനുള്ള ആയുധമാക്കണം. മീഡിയയുടെയും സാഹിത്യത്തിന്റെയും മേഖലകൾ ഇസ്‌ലാമിക വിരുദ്ധ ചിന്തകൾക്ക് യഥേഷ്ടം വിഹരിക്കാൻ വിട്ടുകൊടുക്കരുത്. എല്ലാ വിരുദ്ധ ചിന്തകളെയും തകർക്കുകയും, നീചമായ സാഹിത്യത്തിന്റെയും തരംതാഴ്ന്ന ഭൗതിക സിദ്ധാന്തങ്ങളുടെയും സ്ഥാനത്ത് മഹത്തായ ഇസ്‌ലാമിക സാഹിത്യത്തെയും ഉന്നതമായ ഇസ്‌ലാമിക മൂല്യങ്ങളെയും പകരം കൊണ്ടുവരികയും വേണം.

ഇതാണ്, നിസ്സംശയം, നാം ഉദ്ദേശിക്കുന്ന രാഷ്ട്രീയ പ്രവർത്തനം. ഇത്തരം പ്രവർത്തനം ദഅ്‌വത്തിൽ നിന്ന് നമ്മുടെ ശ്രദ്ധ തെറ്റിക്കുമെന്ന വാദത്തിൽ വലിയ അജ്ഞതയും അപകടവുമുണ്ട്. ഉപരിസൂചിത രാഷ്ട്രീയപ്രവർത്തനം തന്നെയാണ് യഥാർഥ ദഅ്‌വത്ത്. പ്രവാചകൻ(സ) ഹസ്സാനുബ്നു സാബിതിനോട് (റ)പറഞ്ഞ വാക്ക് മതി നമുക്ക്:

أهجهم أي قريش وروح القدس تؤيدك 'ഖുറൈശികളോട് താങ്കൾ പോരാടുക; റൂഹുൽ ഖുദുസ് താങ്കൾക്ക് ശക്തി പകരും'. മറ്റൊരിക്കൽ തിരുമേനി പറഞ്ഞു:

لشعرك أشدّ عليهم من وقع السّهام 'തീർച്ചയായും താങ്കളുടെ കവിതയാണ്, അമ്പേൽക്കുന്നതിനേക്കാൾ അവർക്ക് കഠിനതരം. (മുസ്‌ലിം)

അങ്ങനെ, പ്രവാചകൻ(സ) ഹസ്സാനെ(റ) കവിത കൊണ്ട് പോരാടുന്ന മുജാഹിദാക്കി. മറ്റൊന്നുകൊണ്ടും നികത്താനാവാത്ത വിടവായിരുന്നു ആ കവിതകൾ നികത്തിയത്. അതിനാൽ ഇസ്‌ലാമിന്റെ ശത്രുക്കൾക്കെതിരെ സൈനികമായ വിജയം മാത്രം നേടിയാൽ പോരാ. മറിച്ച്, ആദർശപരവും ചിന്താപരവും സാഹിത്യപരവുമായ വിജയം കൂടി നേടണം. മുസ്‌ലിംകൾക്ക് ഇന്ന് അവരുടെ പ്രബോധനപരവും രാഷ്ട്രീയവുമായ പ്രവർത്തനങ്ങളിൽ വിജയകരമായ മീഡിയ ആവശ്യമാണ്. ഇസ്‌ലാമിന്റെ സന്ദേശം നല്ലരൂപത്തിൽ സമർപ്പിക്കുന്നതും, എതിരാളികൾക്കുള്ള മറുപടിയുടെ ശക്തി വ്യക്തമാക്കുന്നതും, ഇസ്‌ലാമിക വിഷയങ്ങളെ സുന്ദരമായി അവതരിപ്പിക്കുന്നതുമാവണമത്.

എണ്ണത്തിൽ ധാരാളമുണ്ടായതുകൊണ്ടല്ല മുസ്‌ലിംകൾ അവരുടെ രാഷ്ട്രീയ പോരാട്ടത്തിൽ വിജയിക്കുന്നത്. മീഡിയയിലൂടെ അവർ നൽകുന്ന സന്ദേശം കൂടി അതിൽ പങ്കുവഹിക്കുന്നുണ്ട്. മറ്റ് ആദർശങ്ങളെയും ചിന്തകളെയും സിദ്ധാന്തങ്ങളെയും തകർക്കണമെങ്കിൽ അത് ശക്തവും ഭദ്രവുമായിരിക്കണം.

**മൂന്ന്:** ഇത്തരം രീതികളൊന്നും പ്രവാചകൻ തന്റെ പ്രവർത്തനങ്ങളിൽ സ്വീകരിച്ചിട്ടില്ല. ദീനുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും, പ്രത്യേകിച്ച് പ്രബോധന പ്രവർത്തനങ്ങളിൽ പ്രവാചകനെ അനുധാവനം ചെയ്യുക എന്നതാണല്ലോ അടിസ്ഥാനം.

താഴെ പറയുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ ഈ വാദത്തെ നാം ഖണ്ഡിക്കുകയാണ്.

1. ഒരു സംഘം രൂപവൽക്കരിക്കുക, നിലനിൽക്കുന്ന എല്ലാ ആദർശങ്ങളെയും തകർത്തുതരിപ്പണമാക്കുകയും, ഇസ്‌ലാമിക പ്രബോധനത്തിന് മുന്നിലുള്ള തടസ്സങ്ങൾ നീക്കം ചെയ്യൽ നിർബന്ധമാണെന്നും അധികാരം ഇസ്‌ലാമിക സമൂഹത്തിനായിരിക്കൽ അനിവാര്യമാണെന്നും ആഹ്വാനം നടത്തുകയും ചെയ്യുന്ന ദൈവികാദർശത്തിലേക്ക് ആളുകളെ ക്ഷണിക്കുക തുടങ്ങി രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഗുണപ്രദവും നല്ലതുമായ എല്ലാവശങ്ങളും പ്രവാചകൻ പയറ്റിയിട്ടുണ്ട്. പിന്നീട്, ഗവർണർമാരെ നിയമിക്കൽ, സൈനിക വിന്യാസം, നിവേദകസംഘങ്ങളെയും ദൂതൻമാരെയും അയക്കൽ, രാഷ്ട്രത്തെ വ്യവസ്ഥപ്പെടുത്തൽ, അതിർത്തി നിർണയം, കരാറുകളുണ്ടാക്കൽ തുടങ്ങിയ ഭരണപരമായ കാര്യങ്ങളിലും പ്രവാചകൻ പ്രാഗത്ഭ്യം തെളിയിച്ചിട്ടുണ്ട്. ഇതെല്ലാം ഇസ്‌ലാമികസമൂഹത്തിന് ശക്തിയുണ്ടായിരുന്ന കാലത്താണ്. എന്നാൽ അത് ദുർബലമായിരുന്നപ്പോൾ സത്യനിഷേധികളിൽ നിന്ന് പോലും പ്രവാചകൻ(സ) സഹായവും സംരക്ഷണവും തേടുകയും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അല്ലാഹുവിന്റെ സരണിയിലേക്ക് ആദ്യം രഹസ്യമായും പിന്നീട് പരസ്യമായും ആളുകളെ ക്ഷണിച്ചു. ഇസ്‌ലാമാണ് സർവോത്കൃഷ്ടമെന്നും അത് ഭൂമിയുടെ വിമോചനം സാധ്യമാക്കുമെന്നും കിസ്‌റയുടെയും കൈസറിന്റെയും കോട്ടകൊത്തളങ്ങൾ കരസ്ഥമാക്കുമെന്നും ആളുകളെ ധൈര്യപ്പെടുത്തി. ലോകത്തെ ഏറ്റവും ശക്തവും ഉത്തമവുമായ, ലോകത്തിന് സുരക്ഷപ്രദാനം ചെയ്യുന്ന, മഹോന്നതമായ അധികാരങ്ങളുള്ള സമൂഹമായി തന്റെ സമൂഹം മാറുമെന്നും തിരുമേനി പ്രവചിച്ചു. ഇതെല്ലാം തന്നെ ഇന്നത്തെ സാമ്പ്രദായിക രീതിയനുസരിച്ച് രാഷ്ട്രീയ പ്രവർത്തനമാണ്. ജനങ്ങൾ അതിനെ രാഷ്ട്രീയമെന്നോ അവർക്കിഷ്ടമുള്ള മറ്റ് പേരോ വിളിക്കട്ടെ. എന്തുതന്നെയായാലും ഇതാണ് ഇസ്‌ലാമിക പ്രബോധനത്തിന്റെ പ്രകൃതി. ഇതാണ് ഖുർആന്റെയും നബിചര്യയുടെയും ശൈലി. ഇസ്‌ലാമിക വിജ്ഞാനീയങ്ങൾ അഭ്യസിക്കുകയും അഭ്യസിപ്പിക്കുകയും ചെയ്യുക എന്നതിൽ മാത്രം ഒതുങ്ങിക്കഴിയുന്നവർ, തങ്ങൾ ഇസ്‌ലാമിക പ്രബോധനരംഗത്ത് പ്രവാചകന്റെ സരണിയിൽ പ്രവേശിക്കുകയോ തിരുമേനിയെ സത്യസന്ധമായി അനുധാവനം ചെയ്യുകയോ ചെയ്തിട്ടില്ല എന്ന് മനസ്സിലാക്കേണ്ടതുണ്ട്. ഇസ്‌ലാമിന്റെ ഒരു ഭാഗത്ത് മാത്രമേ അവർ വ്യാപൃതരായിട്ടുള്ളൂ.

ദീനിന്റെ വിജയത്തിനായി പോരാടാനും അല്ലാഹുവിന്റെ മാർഗത്തിൽ മരിക്കാനും സന്നദ്ധരായി തന്നോട് അനുസരണ പ്രതിജ്ഞ ചെയ്ത ഒരു സംഘത്തെ തിരുമേനി(സ) രൂപപ്പെടുത്തിയെടുത്തു എന്ന കാര്യത്തിൽ സംശയമില്ല. പ്രവാചകൻ തന്റെ മേൽനോട്ടത്തിൽ അവർക്ക് ശിക്ഷണം നൽകി വളർത്തി. പിന്നീട് അവരായിരുന്നു ഇസ്‌ലാമിക സമൂഹത്തിന്റെ മുന്നണിപ്പോരാളികൾ. അവരായിരുന്നു രാഷ്ട്രത്തിന്റെ വിത്ത്. പ്രവാചകൻ വളർത്തിയെടുത്ത ഈ ആദ്യ സംഘത്തെ നമുക്ക് അല്ലാഹുവിന്റെ പാർട്ടി (ഹിസ്ബുല്ലാഹ്) എന്ന് വിളിക്കാം. തിരുമേനി(സ) തന്റെ കാലഘട്ടത്തിൽ സാധ്യമായ എല്ലാ സ്ഥാപനങ്ങളുമുണ്ടാക്കി. ഈ സംഘത്തെ ഉപയോഗിച്ച്, ഇസ്‌ലാമിനെ തകർക്കാൻ വന്ന യഹൂദ, ക്രൈസ്തവ, അറബി, അനറബി സംഘങ്ങളെ മുഴുവൻ പരാജയപ്പെടുത്തി. അറേബ്യാ ഉപദ്വീപിന്റെ മുകളിൽ ഇസ്‌ലാമിന്റെ വെന്നിക്കൊടി പാറിപ്പറന്ന ശേഷമാണ് പ്രവാചകൻ ഇഹലോകത്തോട് വിടപറഞ്ഞത്. അപ്പോഴേക്കും ഇസ്‌ലാമിക സമൂഹം റോമിനോടും പേർഷ്യയോടും രണാങ



**ഉപദേശനിർദ്ദേശങ്ങൾ നൽകുക, ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കുക, പാരമ്പര്യങ്ങളെ ശുദ്ധീകരിക്കുക, വ്യക്തികൾക്ക് ശിക്ഷണം നൽകുക തുടങ്ങിവയാണ് ഈ കാലഘട്ടത്തിൽ നിർബന്ധമായിട്ടുള്ളത് എന്ന് സങ്കല്പിച്ചാൽ തന്നെ, പ്രാസ്ഥാനിക സ്വഭാവത്തിലുള്ള രാഷ്ട്രീയ പ്രവർത്തനത്തിലൂടെ മാത്രമേ ഇതെല്ലാം പരിപൂർണതയിൽ എത്തിക്കാൻ കഴിയൂ. ഈ രംഗത്തെല്ലാം വ്യക്തികളേക്കാൾ കൂടുതൽ ഫലപ്രദമായി ഇടപെടാൻ സംഘടനകൾക്കാണ് കഴിയുക.**

ണത്തിൽ ഏറ്റുമുട്ടാനുള്ള പ്രാപ്തി കൈവരിച്ചിരുന്നു. എന്നല്ല, ഹിജ്റ ഒമ്പതാം വർഷം പ്രവാചകൻ തന്നെ പടപൊരുതാനിറങ്ങി. പക്ഷേ, തിരുമേനിയുടെ മുന്നിൽ വരാൻ ഭീരുത്വം കാരണം ശത്രുക്കൾക്ക് സാധിച്ചില്ല.

2.രാഷ്ട്രീയ പ്രവർത്തനം നിർബന്ധമാണെന്നതിന്റെ രണ്ടാമത്തെ തെളിവ്: നാനോൻമുഖമായ രാഷ്ട്രീയ പ്രവർത്തനം കൊണ്ടല്ലാതെ ഇസ്‌ലാമിന്റെ ലക്ഷ്യങ്ങൾ സാക്ഷാത്കൃതമാവുകയില്ല. ഇസ്‌ലാം കേവലം സുവാർത്തയറിയിക്കുകയും മുന്നറിയിപ്പു നൽകുകയും ചെയ്യലോ, ഉപദേശ നിർദ്ദേശങ്ങളിലൂടെ സന്ദേശമെത്തിക്കലോ മാത്രമല്ല. മറിച്ച് അത് ജീവിതവ്യവസ്ഥയും ഭരണവും നേതൃത്വവും സമൂഹവും പ്രശ്നങ്ങളിൽ തീരുമാനമെടുക്കലും സത്യനിഷേധത്തിന്റെ ശബ്ദങ്ങളെയെല്ലാം അതിജയിച്ചു നിൽക്കുന്ന അല്ലാഹുവിന്റെ വചനവും ശിർക്കിന്റെ എല്ലാ കൊടികളുടെയും മുകളിൽ പറക്കേണ്ട തൗഹീദിന്റെ കൊടിയുമൊക്കെയാണ്. ക്രമപ്രവൃദ്ധവും വ്യവസ്ഥാപിതവുമായ, കൃത്യമായ ആസൂത്രണത്തോടെയുള്ള, കാലഘട്ടത്തിന്റെ നാഡിമിടിപ്പുകൾ മനസ്സിലാക്കിക്കൊണ്ടുള്ള രാഷ്ട്രീയ പ്രവർത്തനം കൊണ്ടല്ലാതെ ഈ ലക്ഷ്യങ്ങൾ പ്രാപിക്കുക സാധ്യമല്ല. ഇതാണ് ഇസ്‌ലാമിക രാഷ്ട്രീയത്തിന്റെ വിവക്ഷ. നിലവിലെ അവസ്ഥ ഈ ലക്ഷ്യങ്ങൾക്ക് വിരുദ്ധമാണെങ്കിൽ, അതിനർഥം നിലനിൽക്കുന്ന വ്യവസ്ഥയും ഭരണകൂടങ്ങളും രൂപത്തിലും ഉള്ളടക്കത്തിലും ഈ മഹോന്നതമായ ലക്ഷ്യങ്ങളുമായി യോജിക്കുന്നില്ല, എന്നല്ല ഇസ്‌ലാമിക സമൂഹത്തിന്റെ പുരോഗതിക്ക് തടയിടാനും അതിനെ ഛിന്നഭിന്നമാക്കി തകർത്തുകളയാനും ശത്രുക്കളുടെ ഇരയാക്കാനും ശ്രമിച്ചുകൊണ്ട് ആ ലക്ഷ്യങ്ങൾക്കെതിരെ പ്രവർത്തിക്കുന്നവയാണ് എന്നാണതിനർഥം.

ഭൂമിയിൽ അല്ലാഹുവിന്റെ ഉദ്ദേശ്യങ്ങൾ സാക്ഷാൽക്കരിക്കാനും ശരീഅത്ത് നിയമങ്ങൾ നടപ്പിലാക്കാനും സാധ്യമാവും വിധം ഇസ്‌ലാമിക ഭരണമുണ്ടാവാൻ നിലവിലുള്ള അവസ്ഥകളെ മാറ്റേണ്ടത് അനിവാര്യമാണ്. രാഷ്ട്രീയ പ്രവർത്തനം കൊണ്ടേ ഈ മാറ്റം സാധ്യമാവൂ എന്നത് സുവിദിതമത്രെ. ഒരു നിർബന്ധ കർമ്മം പൂർത്തിയാവാൻ ആവശ്യമായതെന്തോ അതും നിർബന്ധമാണ്. കേവല ഉപദേശ നിർദ്ദേശങ്ങളിലൂടെയും സന്ദേശമെത്തിക്കലിലൂടെയും തന്നിഷ്ടപ്രകാരമുള്ള വ്യക്തിപരമായ കർമങ്ങളിലൂടെയും അല്ലാഹുവിന്റെ ഉദ്ദേശ്യം സാക്ഷാൽക്കരിക്കപ്പെടുകയും നിലവിലെ ഇസ്‌ലാമിക സമൂഹം യഥാർഥ ഇസ്‌ലാമിക സമൂഹമാവുകയും ചെയ്യുമെന്ന് നമുക്ക് സങ്കൽപിക്കാനാകുമോ?

ഈ വാദം ശർഇനും അടിസ്ഥാന പ്രമാണങ്ങൾക്കും വിരുദ്ധമാണ് എന്നതിന് പുറമെ യാഥാർഥ്യത്തിനും സാമാന്യ ബുദ്ധിക്കും നിരക്കാത്തതുമാണ് എന്നതിൽ സംശയമില്ല.

3. ഉപദേശനിർദ്ദേശങ്ങൾ നൽകുക, ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കുക, പാരമ്പര്യങ്ങളെ ശുദ്ധീകരിക്കുക, വ്യക്തികൾക്ക് ശിക്ഷണം നൽകുക തുടങ്ങിവയാണ് ഈ കാലഘട്ടത്തിൽ നിർബന്ധമായിട്ടുള്ളത് എന്ന് സങ്കല്പിച്ചാൽ തന്നെ, പ്രാസ്ഥാനിക സ്വഭാവത്തിലുള്ള രാഷ്ട്രീയ പ്രവർത്തനത്തിലൂടെ മാത്രമേ ഇതെല്ലാം പരിപൂർണതയിൽ എത്തിക്കാൻ കഴിയൂ. ഈ രംഗത്തെല്ലാം വ്യക്തികളേക്കാൾ കൂടുതൽ ഫലപ്രദമായി ഇടപെടാൻ സംഘടനകൾക്കാണ് കഴിയുക. അതുപോലെ, ജിഹാദിലൂടെയും സംഘടിത പ്രവർത്തനങ്ങളിലൂടെയും പ്രബോധന സംബന്ധമായ ചുമതലകളിലൂടെയുമല്ലാതെ വ്യക്തികൾക്ക് ശരിയായ രൂപത്തിലുള്ള ഇസ്‌ലാമിക ശിക്ഷണം നൽകുക അസാധ്യമാണ്. കാരണം, അത്തരം സന്ദർഭങ്ങളിലാണ് ആളുകളുടെ ഗുണങ്ങൾ/മനോവികാരങ്ങൾ യഥാർഥ രൂപത്തിൽ വെളിപ്പെടുക, ത്യാഗങ്ങൾ പ്രകടമാവുക. ക്ഷമ, സഹനം, ധീരത, മുന്നേറ്റം, ക്ഷണികമായ ഐഹിക വിഭവങ്ങളേക്കാൾ അല്ലാഹുവിങ്കലുള്ളതിന് മുൻഗണന നൽകുക, പ്രിയപ്പെട്ടതെല്ലാം അല്ലാഹുവിന്റെ മാർഗത്തിൽ വ്യയം ചെയ്യുക തുടങ്ങിയ ഇസ്‌ലാമിക സ്വഭാവങ്ങൾ കർമരൂപത്തിൽ പരിശീലിച്ചുകൊണ്ട് വ്യക്തികൾ ഉന്നതമായ രൂപത്തിൽ വളർത്തപ്പെടുന്നതും അവയിലൂടെയാണ്. വൈജ്ഞാനിക പ്രവർത്തനങ്ങളിൽ മാത്രം ശ്രദ്ധയൂന്നുമ്പോൾ, അത് വ്യക്തികൾക്ക് കുറഞ്ഞ വളർച്ച മാത്രമേ പ്രദാനം ചെയ്യൂ. എന്നല്ല അതുമുഖേന വ്യക്തി പണ്ഡിതനും സംഘാടകനുമായിത്തീരും. അതേ സമയം ഇസ്‌ലാമിന്റെ അനിവാര്യമായ പല സ്വഭാവങ്ങളുടെയും ധീരമുജാഹിദുകളുടെ വിശേഷണങ്ങളുടെയും അഭാവം അയാളിലുണ്ടാവും. തന്റെ സമകാലികരോടുള്ള അസൂയ, സാമ്പത്തികമായ പിശുക്ക്, അല്ലാഹുവിന്റെ പരിധികൾ ലംഘിക്കുന്നതിലുള്ള ലാഘവത്വം, തിന്മക്കും

അക്രമത്തിനും അനീതിക്കുമെതിരെ നിശ്ശബ്ദത പാലിക്കൽ തുടങ്ങിയ പലതും അയാളുടെ ഉള്ളിൽ നിറഞ്ഞുനിൽക്കുന്നുണ്ടായിരിക്കും. അങ്ങനെ ശിക്ഷാർഹരുടെ ഗണത്തിൽ അയാളും ഉൾപ്പെടും. അയാളുടെ ഉദ്ദേശ്യം ദുഷിച്ചതാവുകയും മതപരമായ വൈജ്ഞാനിക പ്രവർത്തനങ്ങളുടെ ലക്ഷ്യം ഭൗതിക നേട്ടങ്ങളും പ്രസിദ്ധിയുമാവുകയും ചെയ്താൽ, അയാളുടെ പ്രയത്നങ്ങളഖിലം പാഴായിപ്പോവും. ഇസ്‌ലാമിന്റെ നാനാവശങ്ങളും സമഗ്രമായി ഉൾക്കൊള്ളുന്ന, കൃത്യമായ ആസൂത്രണത്തോടുകൂടിയ, സംഘടിത പ്രവർത്തനം കൊണ്ടേ വ്യക്തികളുടെ യഥാർഥ തർബിയത്ത് പൂർത്തിയാവൂ. രാഷ്ട്രീയ പ്രവർത്തനമെന്ന് ഇന്നത്തെ ജനങ്ങൾ ഒരേ സ്വരത്തിൽ വിളിക്കുന്ന ഈ സംഘടിത പ്രവർത്തനത്തിന്റെ വൃത്തത്തിൽ, അലസത, അലംഭാവം, മികച്ച യോഗ്യതകൾ, നേതൃപാടവം ആത്മാർഥത, വിശ്വസ്തതയോടെയുള്ള കാര്യനിർവഹണം തുടങ്ങിയ ഉൽകൃഷ്ട സ്വഭാവങ്ങളുടെയും പ്രകടനം, അല്ലാഹുവിന്റെ മാർഗത്തിലുള്ള സമർപ്പണം, ജിഹാദിന്റെയും പ്രബോധനത്തിന്റെയും ആവശ്യാനുസൃതമുള്ള പ്രയാസങ്ങൾ സഹിക്കൽ, മുസ്‌ലിംകളുടെ ക്ഷേമത്തിന് വേണ്ടി ഉറക്കമൊഴിക്കൽ, അവരുടെ വേദനകളിൽ ദുഃഖിക്കുകയും ഇസ്‌ലാമിന്റെ വിജയത്തിൽ സന്തോഷിക്കുകയും ചെയ്യൽ തുടങ്ങിയവയുടെ അടിസ്ഥാനത്തിലായിരിക്കും വിലയിരുത്തലുകൾ നടക്കുക. ഈ വികാരങ്ങളോടെ, മുസ്‌ലിം തന്റെ ദീനിനെ പൂർണമായും സജീവമാക്കുന്നു. തന്റെ സമൂഹത്തിന്റെ വേദനകളിലും പ്രതീക്ഷകളിലും അവൻ ജീവിക്കുന്നു. അതിന്റെ നവോഥാനത്തിനും പുരോഗതിക്കും ക്ഷേമത്തിനും വേണ്ടി അവൻ അധ്വാനിക്കുന്നു. തന്റെ സമൂഹത്തിന്റെ വിജയത്തിനായി അവൻ പ്രാർഥിക്കുന്നുവെങ്കിൽ അത് ഹൃദയാന്തരങ്ങളിൽ നിന്നുയരുന്ന പ്രാർഥനയായിരിക്കും; അതിന്റെ പരാജയം കാരണം അയാൾ ദുഃഖിക്കുന്നുവെങ്കിൽ അതും ആത്മാർഥമായായിരിക്കും.

അതിനാൽ, രാഷ്ട്രീയ പ്രവർത്തനം മതപരമായ നിർബന്ധ ബാധ്യതയാണെന്നും, അല്ലാഹുവിന്റെ മാർഗത്തിലുള്ള പോരാട്ടത്തിൽ നിന്ന് പിന്മാറി നിൽക്കാൻ ഒരു മുസ്‌ലിമിന് അനുവാദമില്ലെന്നും, ഇസ്‌ലാമിനെ സഹായിക്കുകയും അല്ലാഹുവിന്റെ വചനം സമുന്നതമാക്കുകയും ഇസ്‌ലാമിക സമൂഹത്തിന് ലോകത്ത് ആധിപത്യവും നേതൃത്വവും ലഭ്യമാക്കുകയും ചെയ്യുന്ന രാഷ്ട്രീയ പ്രവർത്തനത്തിൽ പങ്കാളിത്തം വഹിക്കുക എന്നത് ഓരോ മുസ്‌ലിമിനും അനിവാര്യമാണെന്നും നാം ഉറച്ചു വിശ്വസിക്കുന്നു.

അതിൽ നിന്ന് പിന്തിരിഞ്ഞുനിൽക്കുന്നതിനർഥം, ദൈവനിഷേധികളും ഭൗതിക തല്പരരും നേതൃമോഹികളും തെമ്മാടികളുമായ, ഇസ്‌ലാമിന്റെ ശത്രുക്കൾക്ക് മുസ്‌ലിംകളുടെ മേൽ ആധിപത്യം നേടാനുള്ള അവസരമൊരുക്കിക്കൊടുക്കുക എന്നാണ്. നമ്മുടെ ഈ കാലഘട്ടത്തിൽ, അങ്ങനെ പിൻമാറി നിൽക്കുന്നത് പാപമാണ് എന്നതിൽ സംശയമില്ല. ഓരോ മുസ്‌ലിമും സാധ്യമാം വിധം അല്ലാഹുവിനെ സഹായിക്കേണ്ടതുണ്ട്. ഖുർആൻ ആഹ്വാനം ചെയ്യുന്നതുപോലെ: അല്ലയോ വിശ്വസിച്ചവരേ, അല്ലാഹുവിന്റെ സഹായികളാകുവിൻ, മർയമിന്റെ പുത്രൻ ഈസാ, ഹവാരികളെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞതുപോലെ: അല്ലാഹുവിങ്കലേക്ക് (ക്ഷണിക്കുന്നതിൽ) എനിക്ക് സഹായികളാരുണ്ട്? ഹവാരികൾ പ്രഖ്യാപിച്ചു: ഞങ്ങളുണ്ട് അല്ലാഹുവിന്റെ സഹായികളായി. അപ്പോൾ ഇസ്രായേൽവംശത്തിൽനിന്ന് ഒരു പറ്റം വിശ്വസിക്കുകയും മറ്റൊരു പറ്റം നിഷേധിക്കുകയും ചെയ്തു. പിന്നെ വിശ്വാസികളെ നാം അവരുടെ ശത്രുക്കൾക്കെതിരിൽ ശക്തിപ്പെടുത്തി; അങ്ങനെ അവർ വിജയികളാവുകയും ചെയ്തു. (അസ്സ്വഫ്ഫ്: 14)

(അവസാനിച്ചു.)

വിവ: അബൂദർറ് എടയൂർ

■